22/03/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** **Haripriya Devi VV (I/C)** **Editor:** **Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/03/2025

1. കേരളസർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ് ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന 10 ഹോർട്ടികോർപ്പ് ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർക്ക് ഏപ്രിൽ 4 വരെ അപേക്ഷ നൽകാം. വിശദ വിവരത്തിന് ഫോൺ: 9495137584, 7510895014, 9895371970.

2. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ നടത്തിവരുന്ന ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 ലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി അഞ്ചുമാസം ഫീസ് 500 രൂപ. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് ഫീസ് നൽകേണ്ടതില്ല. പ്രായപരിധി 01.01 2025 ന് 25 വയസ്സ് കവിയരുത്. അപേക്ഷകർ 18 വയസ്സ് പൂർത്തിയായിരിക്കണം. എസ്എസ്എൽസി/ തത്തുല്യ കോഴ്സ് പാസ്സായിരിക്കണം. VHSC പൗൾട്രി ഹസ്ബൻഡറി പാസായവർക്ക് മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15.04.2025 വൈകിട്ട് 5 മണി. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. അപേക്ഷ അയക്കേണ്ട മേൽവിലാസം പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന്, പി ഒ.,തിരുവനന്തപുരം 695043. Email - ptotvm.ahd@kerala.gov.in

### പരിശീലന പരിപാടി

3. വെള്ളാനിക്കര കർഷകഭവനത്തിൽ 2025 മാർച്ച് 22 ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ **വളരുന്ന മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി

സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഓഫീസ് നമ്പറായ 0487-2371104-ൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക രജിസ്ട്രേഷൻ സൗജന്യമാണ്. 30 സീറ്റുകൾ മാത്രം.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റര് ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 മാർച്ച് 24, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 മാർച്ച് 23, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മാർച്ച് 24-നു സസ്യ ഇനങ്ങളുടെ മേലുള്ള കർഷകരുടെ അവകാശ സംരക്ഷണ നിയമത്തെക്കുറിച്ചുള്ള സെമിനാറും ചക്ക വിഭവങ്ങളുടെ മത്സരവും നടത്തപ്പെടുന്നു. വിദഗ്ധർ നയിക്കുന്ന ക്ലാസ്സുകളോടൊപ്പം ഭൗമ സൂചിക പദവി ലഭിച്ച കാർഷിക വിഭവങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്. ചക്ക കൊണ്ടുള്ള വിഭവങ്ങളുടെ മത്സരത്തിൽ പങ്കെടുക്കുന്നവർ വിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മുതൽ 4 വരെ 9400483754 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ്

നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2025 മാർച്ച് 26-ന് ഓൺലൈൻപരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

7. **കാർഷിക നിർദേശം –** അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിൻ്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിൻ്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും ര മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാവുന്നതാണ്. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടു മൂടണം.

8. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡൊമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക.

9. പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക, അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് ഇതിന്റെ നിയന്ത്രണത്തിനായി തളിക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ പയർ അല്ലെങ്കിൽ പച്ചില വളച്ചെടികളുടെ വിത്ത് പാകാവുന്നതാണ്. പയർ വിത്താണെങ്കിൽ ഹെക്ടറിന് ശരാശരി 60 കിലോഗ്രാമും, ഡെയിഞ്ച പോലുള്ള പച്ചില വളച്ചെടികൾക്ക് ഹെക്ടറിന് 20 കിലോഗ്രാം വിത്തും ആവശ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം